# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2535

21.06.2012-ലെ മറുപടിക്ക്.

## കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ മോൻസ് ജോസഫ്<br>ശ്രീ തോമസ് ഉണ്ണിയാടൻ<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) 2013 വർഷത്തോടെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പാക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011 ലെ കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ രൂപീകരിച്ച് 30/04/11 ലെ ജി.ഒ (പി) 100/11/പൊ.വി നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. NCTE യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി അദ്ധ്യാപക നിയമനങ്ങൾക്ക് TET യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ മാത്രം പരിഗണിക്കുവാൻ പി.എസ്.സിയോടാവശ്യപ്പെട്ടിട്ടുണ്ട്. TET യോഗ്യത പരീക്ഷ നടത്തിപ്പിനായി SCERT-യെ ചുമതലപ്പെടുത്തി 01.03.12-ലെ ജി.ഒ. (പി) 70/12/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമം അനുശാസിക്കുംവിധം 150 കുട്ടികളുള്ള പ്രൈമറി സ്കൂളുകളിലും 100 കുട്ടികളുള്ള യു.പി സ്കൂളുകളിലും പ്രഥമാദ്ധ്യാപകരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കികൊണ്ട് 28/12/11 ലെ ജി.ഒ (പി) നം. 256/11/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ |

വരുമാന പരിധി 60,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് 27.03.12-ലെ ജി.ഒ.(പി)94/11/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെസിഫൈഡ് കാറ്റഗറി സ്കൂളുകൾ, ഡിസ് അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ട കുട്ടി '(a child belonging' to disadvantaged group) എന്നിവ ഏതൊക്കെയാണെന്ന് നിർവചിച്ചുകൊണ്ട് 27.03.2012-ല ജി.ഒ.(പി) 93/12/പൊ.വി.വ., 25.05.2012-ലെ ജി.ഒ.(പി) 158/12/പൊ.വി.വ. എന്നിവ മുഖന ഉത്തരവായിട്ടുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തെ കുറിച്ച് രക്ഷാകർതൃ ബോധവത്കരണ പരിപാടി, ജനപ്രതിനിധികൾക്കു വേണ്ടി കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രോഗ്രാം എന്നിവ സർവ്വ ശിക്ഷാ അഭിയാൻ മുഖേന നടത്തുകയും, വിദ്യാഭ്യാസം നമ്മുടെ അവകാശം എന്ന ആശയം പ്രചരിപ്പിക്കാനുള്ള പദ്ധതികൾ, എസ്.എസ്.എ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ സംരക്ഷണ നിയമം അനുശാസിക്കും വിധം എല്ലാ സ്കൂളുകളിലും 1-ാം ക്ലാസ് പ്രവേശനത്തിന് 6 വയസ്സ് പൂർത്തിയായിരിക്കണമെന്ന് 09/01/12 ലെ ജി.ഒ (എം.എസ്) 9/12/പൊ.വി.വ. പ്രകാരം നിർദ്ദേശിച്ച് ഉത്തരവായെങ്കിലും കേന്ദ്രീയ വിദ്യാലയം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ കേന്ദ്ര സ്കൂളുകളിൽ 5വയസ്സ് തന്നെ ഈ വർഷം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം 5 വയസ്സു തന്നെ നിലനിർത്തികൊണ്ട് 12.04.2012-ലെ ജി.ഒ.(എം.എസ്) 117/2012/പൊ.വി.വ. മുഖേന ഉത്തരവായിട്ടുണ്ട്. 5-ാം ക്ലാസ് എൽ.പിയുടെയും 8-ാം ക്ലാസ് യു.പിയുടെയും ഭാഗമാക്കിക്കൊണ്ട് വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം 1 മുതൽ 8 വരെ ക്ലാസ്സുകൾ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കികൊണ്ടുള്ള ഘടനാമാറ്റം സംബന്ധിച്ച് അടിയന്തിര നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ വർഷത്തെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; | (ബി) | അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എൽ.പി. വിഭാഗത്തിൽ 1:30 ആയും യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ 1:35 ആയും നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് നടപ്പിലാക്കുന്നതിനായി കുട്ടികളുടെ എണ്ണം കൃത്യമായി കണക്കാക്കുന്നതിന് യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്ക് എടുത്തു വരുന്നു. ഈ നടപടിയിലൂടെ പുതിയ അനുപാതം പ്രയോഗത്തിൽ വരുത്തുന്നതാണ്. |
| (സി) | ടീച്ചേഴ്സ് ബാങ്കിലെ അദ്ധ്യാപകർക്ക് സ്കൂൾ അലോട്ട് ചെയ്തു നൽകാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വേനൽ അവധിക്കാലത്ത് നടപ്പിലാക്കി വന്നിരുന്ന അദ്ധ്യാപക പരിശീലന പരിപാടി ഈ വർഷം നടപ്പാക്കിയിട്ടുണ്ടോ; ഈ പരിശീലനം എന്നു നടത്തും എന്ന് വ്യക്തമാക്കുമോ? | (ഡി) | 50 ദിവസത്തെ സമഗ്ര അദ്ധ്യാപക പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനാൽ വേനൽ അവധിക്കാലത്തെ പരിശീലനം ഒഴിവാക്കിയിട്ടുണ്ട്. അദ്ധ്യാപക പരിശീലനത്തിന്റെ മുന്നോടിയായി റിട്രെഞ്ച്ഡ് അദ്ധ്യാപകർക്കും പുതിയതായി നിയമനാംഗീകാരം നൽകിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്കും 20 ദിവസത്തെ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്ക് ട്രയിനിംഗ് നൽകുന്നതിന് വേണ്ട റിസോഴ്സ് ടീച്ചേഴ്സിന്റെ ട്രയിനിംഗ് പൂർത്തിയായതിന് ശേഷം ജൂലൈ മാസം അവസാനമോ ആഗസ്റ്റ് മാസം ആദ്യമോ ട്രയിനിംഗ് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ